LIBRARY ARCHIVES Kerala Legislative Assembly

ചില്ലറവില്പന കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

102 T[3689] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനുകീഴിൽ പ്രവർത്തിക്കുന്ന ചില്ലറ വില്പന കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ജനങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശങ്ങളിൽ പ്രസ്തുത വില്പന കേന്ദ്രങ്ങൾ അനുവദിക്കാറുണ്ടോ;

(സി) എങ്കിൽ ഈ വില്പന കേന്ദ്രങ്ങൾ കാരണം പ്രസ്തുത താമസക്കാർക്കുണ്ടാകുന്ന പ്രയാസം ദൂരീകരിക്കാൻ നടപടി സ്വീകരിക്കാറുണ്ടോ;

(ഡി) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് പഞ്ചായത്തിലെ 4-ാം വാർഡിൽ സ്ഥിതിചെയ്യുന്ന മദ്യവില്പന കേന്ദ്രം മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതിയ വിദേശമദ്യ ഷാപ്പുകൾ തുടങ്ങണമെന്ന പ്രദേശിക ആവശ്യം, വ്യാജമദ്യം ഇല്ലായ്മ ചെയ്ത് നല്ല മദ്യം ലഭ്യമാക്കുക, seconds-ന്റെ വില്പന തടയുക എന്നിവയാണ് ചില്ലറ വില്പന കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പ്രധാന മാനദണ്ഡങ്ങൾ.

(ബി) 2002-ലെ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾ 7-ലെ ഉപ വകുപ്പ് (2) പ്രകാരമാണ് വില്പന കേന്ദ്രങ്ങൾ അനുവദിക്കുന്നത്.

(സി) തദ്ദേശവാസികളുടെ ന്യായമായ പ്രയാസം ദൂരീകരിക്കാൻ നടപടി സ്വീകരിക്കാറുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

കള്ളുഷാപ്പുകൾ

103 [3690] ശ്രീ. എ. ഡി. മുസ്തഫ:
,, വി. ഡി സതീശൻ:
,, എൻ. ശക്തൻ:
,, വി. ജെ. പൗലോസ്.
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം എത്ര കള്ളുഷാപ്പുകൾ, ഏറ്റെടുക്കാനാളില്ലാതെയിരുന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.